**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 228** **18-03-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്ക് കടൽ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി കാനത്തിൽ ജമീല** | | **null<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | കാലാവസ്ഥ വ്യതിയാനം മൂലം തുടരെയുണ്ടാകുന്ന കടൽക്ഷോഭം, കൃത്യമായ കാലാവസ്ഥ മുന്നറിയിപ്പ് നൽകുന്നതിൽ കേന്ദ്ര കാലാവസ്ഥ നിരീക്ഷണ സംവിധാനത്തിന്റെ അപര്യാപ്തത എന്നിവ നിമിത്തം കടൽ മത്സ്യബന്ധനം കൂടുതൽ അപായകരമായി തീർന്നിട്ടുള്ളതിനാൽ കടൽ സുരക്ഷക്കായി സർക്കാർ എന്തെല്ലാം സജ്ജീകരണങ്ങളാണ് ഒരുക്കിയിട്ടുള്ളത്; | (എ) | കടലിൽ പ്രതികൂല കാലാവസ്ഥയിൽ മത്സ്യത്തൊഴിലാളികൾക്ക് അപകടം സംഭവിക്കുന്നത് തടയാനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ കൂടുതൽ ബലവത്തായ 200 FRP ബോട്ടുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കി. ഓഖി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 120 FRP ബോട്ടുകൾ സൗജന്യമായി നൽകുന്ന പദ്ധതി അന്തിമ ഘട്ടത്തിലാണ്. നടപ്പ വർഷം PMMSY പദ്ധതിയിൽ ഉൾപ്പെടുത്തി 40 % സബ്സിഡിയോടെ 100 FRP മൽസ്യബന്ധന യൂണിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതിക്ക് അനുമതി ലഭ്യമായിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങൾക്കും, എഞ്ചിനുകൾക്കും ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി യുണൈറ്റഡ് ഇൻഡ്യ ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കി വരുന്നു. കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. 2017-18 വർഷത്തിൽ ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും പദ്ധതി പ്രകാരം 66 ജി.പി.എസുകളും 132 ലൈഫ് ബോയെകളും 66 എക്കോസൗണ്ടറുകളും മത്സ്യ ത്തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട്. . 2018-19 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി 500 ജി.പി.എസ് കൾ, 1132 ലൈഫ് ബോയ് കൾ |

| | | | |
|---|---|---|---|
| | | | എന്നിവ 75% സബ്സിഡി നിരക്കിൽ വിതരണം ചെയ്തു. നാവിക് ഉപകരണം, ഗ്ലോബൽ സാറ്റലൈറ്റ് ഫോൺ, പരമ്പരാഗത മത്സ്യബന്ധനയാനങ്ങൾക്ക് GPS, DAT, എന്നിവ സബ്സിഡിയോടെ വിതരണം ചെയ്തുവരുന്നു. 2021-22 സാമ്പത്തിക വർഷത്തിലെ കടൽ സുരക്ഷാ പദ്ധതി പ്രകാരം 1250 ഹാൻഡ് ഹെൽഡ് ജി. പി. എസ്സും, 360 മൗണ്ടഡ് ജി. പി. എസ്സും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. കേന്ദ്ര കാലാവസ്ഥ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകൾ അതിവേഗം മത്സ്യ ത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളിൽ എത്തിക്കുന്നതിന് INCOIS നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേക്കു 145778 മത്സ്യ ത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ INCOIS നു കൈമാറിയിട്ടുണ്ട്. ഇത് കൂടാതെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാനായി വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചു 3 മറൈൻ ആംബുലൻസുകളും, മറ്റു ജില്ലകളിൽ വാടകയ്ക്കെടുത്തു പ്രവർത്തിപ്പിയ്ക്കുന്ന 10 രക്ഷാ ബോട്ടുകളും ഫിഷറീസ് ഡയറക്ടറേറ്റിൽ ഒരു മാസ്റ്റർ കണ്ട്രോൾ റൂം ഉൾപ്പെടെ 4 കൺട്രോൾ റൂമുകളും സജ്ജമാക്കിയിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യ ത്തൊഴിലാളികളെ രക്ഷിയ്ക്കുന്നതിനായി കേരളത്തിലെ തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിൽ കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. 60 മത്സ്യഗ്രാമങ്ങളിലും കൂടി 300 യാനങ്ങളും ഒരു യാനത്തിൽ 3 തൊഴിലാളികൾ എന്ന കണക്കിന് 900 മത്സ്യത്തൊഴിലാളികളും കടൽ രക്ഷാ സ്ക്വാഡിൽ ഉൾപ്പെടുന്നു. കടൽ സുരക്ഷാ സ്ക്വാഡിലെ അംഗങ്ങൾക്ക് ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ കടൽ രക്ഷ പ്രവർത്തനം സംബന്ധിച്ച് പരിശീലനം നൽകി വരുന്നു. ഇതിനകം 612 പേർ പരിശീലനം പൂർത്തിയാക്കിക്കഴിഞ്ഞു. |
| (ബി) | എല്ലാ മത്സ്യത്തൊഴിലാളികൾക്കും സൗജന്യമായി ലൈഫ് ജാക്കറ്റ് നൽകാനുള്ള തീരുമാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (ബി) | കടലിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഓഖി പുനരധിവാസ പദ്ധതിയി ലുൾപ്പെടുത്തി 40,000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട് |
| (സി) | മത്സ്യബന്ധനത്തിന് കടലിൽ പോകുന്നതും വരുന്നതും കൃത്യമായി രേഖപ്പെടുത്തുവാനും അപായ മുന്നറിയിപ്പ് നൽകുന്നതിനും സംവിധാനമുണ്ടോ? | (സി) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ കടലിൽ പോകുകയും തിരികെ വരുകയും ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ വിവരം രേഖപ്പെടുത്തുന്നതിനായി മത്സ്യബന്ധന വകുപ്പ് നാഷണൽ ഇൻഫോർമാറ്റിക്സ് സെൻററുമായി |

| | | | |
|---|---|---|---|
| | | | ചേർന്ന് 'സാഗര' എന്ന ഒരു മൊബൈൽ ആപ്ലിക്കേഷന് രൂപം കൊടുത്തു മത്സ്യമേഖലയിൽ പ്രാവർത്തിക മാക്കിയിട്ടുണ്ട്. നാളിതുവരെ 17038 യാനങ്ങളുടെയും 11627 മത്സ്യത്തൊഴിലാളികളുടെയും മൊബൈൽ നമ്പർ ഉൾപ്പെടെയുള്ള മുഴുവൻ വിവരങ്ങളും 'സാഗര' യിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. അടിയന്തിര സന്ദർഭങ്ങളിൽ തീരക്കടലിൽ മുന്നറിയിപ്പുകൾ നൽകാനും സാഗര മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗപ്പെടുത്തുന്നുണ്ട്. കേന്ദ്ര കാലാവസ്ഥ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകൾ അതിവേഗം മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളിൽ എത്തിക്കുന്നതിന് INCOIS നെ ചുമതലപ്പെടുത്തി യിട്ടുണ്ട്. ആയതിലേക്കു 145778 മത്സ്യ ത്തൊഴിലാളികളുടെ മൊബൈൽ നമ്പറുകൾ INCOIS നു കൈമാറിയിട്ടുണ്ട്. കേന്ദ്ര കാലാവസ്ഥ കേന്ദ്രത്തിന്റെ മുന്നറിയിപ്പുകളും SDMAയിൽ നിന്നും വരുന്ന മുന്നറിയിപ്പുകളും INCOIS വഴി മത്സ്യത്തൊഴിലാളികൾക്ക് കൈമാറുന്നു. ഇതുകൂടാതെ തീരദേശ ജില്ലകളിൽ മൈക്ക് അനൗൺസ്മെന്റ് വഴിയും, തീരദേശ ആരാധനാലയങ്ങൾ, മത്സ്യത്തൊഴിലാളികളുടെ വാട്സ്ആപ് ഗ്രൂപ്പുകൾ, എഫ്. എം റേഡിയോകൾ, തീരദേശ ജാഗ്രത സമിതികൾ എന്നിവ വഴിയും അപായ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികളിലേയ്ക്ക് എത്തിച്ച് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ